ചെയ്തിരുന്നത്. ടി സ്പോൺസർമാരിൽ നിന്നും വേണ്ടത്ര പ്രതിഫലം ലഭിക്കാത്തതിനാലും മറ്റു വ്യക്തിപരമായ കാരണങ്ങളാലുമാണ് മറ്റുള്ളവർ പിരിഞ്ഞുപോയിട്ടുള്ളത്.

(ഡി) ഗതാഗത നിയന്ത്രണത്തിൽ ട്രാഫിക് പോലീസിനെ സഹായിക്കുകയാണ് ഇവരുടെ ജോലി.

(ഇ) യാതൊരു വിധമായ സേവന-വേതന വ്യവസ്ഥകളും സർക്കാർ ഭാഗത്തു നിന്നോ, പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നോ നൽകിയിട്ടില്ല. സൗജന്യ സേവനം ചെയ്തുകൊള്ളാമെന്നുള്ള വ്യവസ്ഥയിലാണ് അവരെ നിയോഗിച്ചിട്ടുള്ളത്.

(എഫ്) ഇവർ സന്നദ്ധ സേവനം നടത്താൻ സമ്മതിച്ചിട്ടുള്ളതിനാൽ അവർക്ക് ദിവസക്കൂലി അടിസ്ഥാനത്തിലുള്ള വേതനം നൽകുന്നതു സംബന്ധിച്ച കാര്യം ഉദിക്കുന്നില്ല.

83 (1680) ജഡ്ജിമാരുടെ നിയമനം

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബോർഡിനേറ്റ് ജുഡീഷ്യൽ സർവ്വീസിൽ നിയമനത്തിന് ജഡ്ജിമാരെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം പബ്ലിക് സർവ്വീസ് കമ്മിഷനിൽനിന്ന് എടുത്തുമാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ; ഇതിനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കുമോ;

(ബി) പുതിയ സെലക്ഷൻ രീതിയെക്കുറിച്ച് ഹൈക്കോടതിയിൽ കേസ്സ് വന്നിരുന്നത് സർക്കാരിന്റെ ശ്രദ്ധയൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വസ്തുതകൾ എന്തെല്ലാം;

(ഡി) പി.എസ്.സി. യുടെ അധികാര പരിധിയിൽ ഉണ്ടായിരുന്ന ഭരണഘടനാപരമായ പ്രസ്തുത അധികാരം പി.എസ്.സി. യ്ക്ക് വീണ്ടെടുക്കാൻ വേണ്ട നിയമ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1984 മുതൽ, തെരഞ്ഞെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സബോർഡിനേറ്റ് ജുഡീഷ്യൽ ജഡ്ജിമാരുടെ നിയമനം പി.എസ്.സി.-ൽ നിന്ന് എടുത്തുമാറ്റിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ട്രാൻസ്ഫർവഴി നിയമനം ലഭിക്കേണ്ട ഉദ്യോഗാർത്ഥികൾക്ക് ഡിപ്പാർട്ടുമെന്റിലെ നിശ്ചിത സർവ്വീസിനുപരിയായി മൂന്നു വർഷത്തെ ബാർ സർവ്വീസ് വേണമെന്ന് കേരള ജുഡീഷ്യൽ സർവ്വീസ് റൂൾസിൽ വ്യവസ്ഥ ചെയ്തിരുന്നതിനെതിരെയായിരുന്നു പ്രസ്തുത കേസ്സുകൾ. കോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ പ്രസ്തുത ഉദ്യോഗാർത്ഥികളെ പരീക്ഷ എഴുതുന്നതിന് അനുവദിച്ചു.

(ഡി) സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly